സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സ്റ്റേറ്റ് റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനും, ജില്ലകൾതോറും ബോധവൽക്കരണപരിപാടി നടത്തുന്നതിനും, കൂടാതെ വികലാംഗർക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

ശിശുക്ഷേമസമിതിയുടെ ബഡ്ജറ്റിന് അംഗീകാരം

60 [T3465] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിയുടെ ഈ വർഷത്തെ ബഡ്ജറ്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) ബഡ്ജറ്റ് പാസ്സായില്ലെങ്കിൽ ശിശുക്ഷേമ സമിതിയുടെ ഏതെല്ലാം പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) ബഡ്ജറ്റ് പാസ്സാകാതെ ശിശുക്ഷേമ സമിതിയുടെ ഫണ്ടിൽ നിന്നും തുക പിൻവലിക്കാനും സമിതിയുടെ പ്രവർത്തനങ്ങൾ നടത്തുവാനും സമിതിക്ക് അധികാരമുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 20%-ൽ താഴെവരുന്ന തുക മാത്രമേ പദ്ധതി പ്രവർത്തനങ്ങൾക്കായി ശിശുക്ഷേമ സമിതി നീക്കിവച്ചിരുന്നുള്ളൂ. ബഡ്ജറ്റിൽ ഉണ്ടായിരുന്ന മറ്റു പോരായ്മകളും നികത്തുന്നതിനായി സർക്കാരുമായി ചർച്ച ചെയ്ത് ബഡ്ജറ്റ് പുനഃക്രമീകരിക്കുവാനും തീരുമാനിച്ചിരുന്നു.

(സി, ഡി) ബഡ്ജറ്റ് പാസ്സാകാത്തത് ശിശുക്ഷേമസമിതിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുകയില്ല. 1955-ലെ ദി ട്രാവൻകൂർ കൊച്ചിൻ റിറ്റൻഡ് സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം (ആക്ട് XII ഓഫ് 1955) ബഡ്ജറ്റ് ഓരോ വർഷവും പാസ്സാക്കണമെന്ന് ആക്ട് അനുശാസിക്കുന്നില്ല. ഓരോ വർഷവും ബഡ്ജറ്റ് പാസ്സാകണമെന്ന് നിയമപ്രകാരം ബാദ്ധ്യതയുമില്ല.

സ്റ്റാമ്പ് അച്ചടിക്കുന്നതിന് ശിശുക്ഷേമസമിതിക്കുള്ള അനുമതി

61 [T3466] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ലെ ശിശുദിന സ്റ്റാമ്പ് അച്ചടിക്കുന്നതിന് സർക്കാർ ശിശുക്ഷേമ സമിതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 2000-ാമാണ്ടുവരെ 50 ലക്ഷം സ്റ്റാമ്പുകൾ അച്ചടിക്കുവാനുള്ള അനുമതി നൽകിയിരുന്നുവെങ്കിലും 2001-ൽ ഇത് 30 ലക്ഷമായി കുറയ്ക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ശിശുദിന സ്റ്റാമ്പ് അച്ചടിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) ഇതിൻമേൽ സർക്കാർ എന്തുനടപടി എടുത്തു എന്ന് വ്യക്തമാക്കുമോ;

(എഫ്) ശിശുദിന സ്റ്റാമ്പ് തുടർന്നും അച്ചടിച്ച് വിൽപ്പന നടത്തുവാൻ ശിശുക്ഷേമസമിതിക്ക് അനുമതി നൽകുമോ?

ഉത്തരം

(എ, ബി) ഇല്ല. ശിശുക്ഷേമസമിതിയിലെ ധനദുർവിനിയോഗത്തെക്കുറിച്ച് ആരോപണം ഉണ്ടായതിനാൽ 2002-ലെ ശിശുദിന സ്റ്റാമ്പ് അച്ചടിക്കുന്നതിന് അനുമതി നൽകിയിരുന്നില്ല.

(സി) മുൻവർഷങ്ങളിൽ വളരെയധികം സ്റ്റാമ്പുകൾ വിൽക്കാതെ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് 2001-ൽ 30 ലക്ഷം സ്റ്റാമ്പ് അച്ചടിക്കുന്നതിന് അനുമതി നൽകിയത്.

(ഡി—എഫ്) 2003-ലെ ശിശുദിനാഘോഷങ്ങളോടനുബന്ധിച്ച് 2 രൂപ വിലയുള്ള 30 ലക്ഷം സ്റ്റാമ്പ് അച്ചടിച്ച് വിൽക്കുന്നതിന് 8-7-2003-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 288/03/സാ.ക്ഷേ.വ. പ്രകാരം സംസ്ഥാന ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറിക്ക് അനുമതി നൽകിയിട്ടുണ്ട്.

അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി

62 [3467] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷൻ പദ്ധതിയും നിലവിലുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പള സ്കെയിലും വാർഷിക ഇൻക്രിമെന്റും അനുവദിക്കുമോ;

(സി) സംസ്ഥാന സർക്കാർ അംഗൻവാടി ജീവനക്കാർക്ക് 500 രൂപ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഐ. സി. ഡി. എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകരാണ്. ഇവർക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷൻ പദ്ധതിയും അനുവദിക്കുന്ന കാര്യം തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly